**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4223** **09-08-2021 - ൽ മറുപടിയ്ക്ക്**

**പ്രീ സ്കൂൾ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി,<br>ഡോ. എം.കെ . മുനീർ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രീ സ്കൂൾ മേഖലയുടെ പ്രവർത്തനം നവീകരിച്ച് ശക്തിപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | പ്രീ സ്കൂൾ മേഖലയുടെ ശാസ്ത്രീയമായ നവീകരണത്തിനായി കുട്ടികൾക്കും അധ്യാപകർക്കും പഠന വിനിമയ സാമഗ്രികളായ പ്രീ സ്കൂൾ പാഠ്യപദ്ധതി, പ്രീ സ്കൂൾ അദ്ധ്യാപക സഹായി- കളിപ്പാട്ടം, പ്രീ സ്കൂൾ കുട്ടികൾക്കുള്ള പ്രവർത്തന പുസ്തകവും വിനിമയ സഹായിയും - കളിത്തോണി എന്നിവ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കി യിട്ടുണ്ട്. കോവിഡ്- 19 സാഹചര്യത്തിൽ കുട്ടികൾക്കുള്ള പ്രവർത്തന പുസ്തകമായ കളിത്തോണിയിലെ വർക്ക് ഷീറ്റുകൾ രക്ഷിതാക്കളുടെ പിന്തുണയോടെ സൗഹാർദ്ദപരമായ ഗൃഹാന്തരീക്ഷ ത്തിൽ ചെയ്യുന്നതിന് അദ്ധ്യാപകരെ സജ്ജരാക്കുന്നതിനുള്ള പ്രശിക്ഷാ 2021 ഓണലൈൻ പ്രീ-സ്കൂൾ അധ്യാപക പരിവർത്തനപരിപാടി എസ്.സി.ഇ.ആർ.ടി.യുടെ നേതൃത്വ ത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കി വരുന്നു. കൂടാതെ ' സിസ്റ്റമാറ്റൈസിംഗ് ഓഫ് പ്രീ-സ്കൂളിംഗ് എഡ്യൂക്കേഷൻ' പദ്ധതി പ്രകാരം പ്രതിവർഷം പ്ലാൻ ഫണ്ടിൽ നിന്നും തുക വകയിരുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.ടി.എ.യുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന പ്രീ-പ്രൈമറികളുടെ ഭൗതിക സാഹചര്യ ങ്ങൾ മെച്ചപ്പെടുത്തുന്നതിന് ടി പദ്ധതിയിൽ നിന്നും തുക വിനിയോഗിച്ചുവരുന്നു. |
| (ബി) | പ്രീ പ്രൈമറി തലവും അങ്കണവാടികളിലെ പഠനപ്രവർത്തനവും ഏകോപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ? | (ബി) | പ്രീ സ്കൂളുകളിലെയും അങ്കണവാടി കളിലെയും സേവനങ്ങൾ പരസ്പരം പങ്കുവച്ചുകൊണ്ട് ജൈവികമായ ഏകോപനം നടക്കുന്നതിന് സഹായകരമായ ക്ലസ്റ്റർ അധിഷ്ഠിത പ്രീസ്കൂളിംഗ് എന്ന പദ്ധതി സമഗ്ര ശിക്ഷാ കേരളയുടെ നേതൃത്വത്തിൽ 414 പ്രീ സ്കൂൾ ക്ലസ്റ്ററുകളെ കേന്ദ്രീകരിച്ച് പൈലറ്റ് പ്രോജക്ടായി നടപ്പിലാക്കി വരുന്നു. ഇതിനാവശ്യമായ മാർഗരേഖ, അവസ്ഥാപഠനത്തിനുള്ള ചോദ്യാവലി, അധ്യാപകർ, |

| | | | |
|---|---|---|---|
| | | | ആയമാർ, ഉദ്യോഗസ്ഥർ, രക്ഷിതാക്കൾ എന്നിവർക്ക് പരിശീലനം നൽകുന്നതിനുള്ള പരിശീലന പാക്കേജ് 'സംപ്രീതം' എന്നിവ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ